പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T4093
12.11.2019 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ.ടി. വി. ഇബ്രാഹിം
എം.എൽ.എ

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | 2013 ഏപ്രിൽ 1ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും എന്നാൽ അതിന് ശേഷം നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത അധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണോ നിലവിലുള്ളതെന്ന് അറിയിക്കാമോ; | 31-03-2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായുള്ള വിഭാഗങ്ങൾ 01-04-2013 നോ അതിനു ശേഷമോ റെഗുലർ തസ്തികയിൽ സ്ഥിര നിയമനം ലഭിക്കുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| ബി | ഇവരെക്കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ഇല്ല |
| സി | ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ അതിന് ശേഷവും ഈ വിഭാഗത്തിൽ ഉൾപ്പെട്ട അധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് മാറ്റിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | ബാധകമല്ല |
| ഡി | പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തൽ ചെയ്ത് എല്ലാ ജീവനക്കാരെയും സ്റ്റാറ്റ്യൂട്ടറി പദ്ധതിയിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ